# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1719 | 16-06-2014-ൽ മറുപടി നൽകേണ്ടിയിരുന്നത്

### മദ്യത്തിന്റെ ഉപയോഗം കുറയ്ക്കാൻ നടപടി

| ചോദ്യം: | | ഉത്തരം: |
|---|---|---|
| ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ: | | ശ്രീ. കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) | നിലവാരമില്ലാത്ത ബാറുകൾ അടച്ചതു കൊണ്ട് മദ്യത്തിന്റെ ഉപയോഗത്തിൽ കുറവ് വന്നിട്ടുണ്ടോ; വിശദമാക്കാമോ; | (എ) വിശദമായ പഠനം നടത്തി വരുന്നു. |
| (ബി) | മദ്യത്തിന്റെ ഉപയോഗം കുറയ്ക്കുന്നതിനായി വകുപ്പു തലത്തിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തി വരുന്നതെന്ന് വിശദമാക്കുമോ? | (ബി) പുതിയ ബാറുകൾ നൽകുന്നത് നിർത്തി വച്ചു. പുതിയ റീട്ടെയിൽ വിദേശ മദ്യഷാപ്പുകൾ അനുവദിച്ചിട്ടില്ല. ബാർ ഹോട്ടലുകളുടെ പ്രവർത്തി സമയം 3 മണിക്കൂർ കുറച്ചു. മദ്യം വാങ്ങുന്നതിനുള്ള പ്രായ പരിധി 18 വയസ്സിൽ നിന്നും 21 വയസ്സായി ഉയർത്തി. സിനിമകളിൽ മദ്യപാനരംഗങ്ങൾ പ്രദർശിപ്പിക്കുമ്പോൾ 'മദ്യപാനം ആരോഗ്യത്തിന് ഹാനികരം' എന്ന സ്റ്റാറ്റ്യൂട്ടറി വാണിംഗ് പ്രദർശിപ്പിക്കുന്നത് നിർബന്ധമാക്കി. മദ്യവിരുദ്ധ ബോധവൽക്കരണ പ്രചാരണ പ്രവർത്തനങ്ങൾക്ക് കൂടുതൽ തുക വകകൊള്ളിക്കാൻ തീരുമാനിച്ചു. എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ മദ്യവിമുക്ത കേരളം എന്ന ആശയം സാക്ഷാത്കരിക്കുന്നതിനായി വിപുലമായ ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ട് മദ്യാസക്തി കുറച്ചുകൊണ്ടു വരുന്നതിനായി നിരവധി പരിപാടികൾ നടപ്പിലാക്കി വരുന്നുണ്ട്.<br>മദ്യപാനം മൂലമുണ്ടാകുന്ന ആരോഗ്യവും മറ്റ് സാമൂഹ്യപരവുമായ പ്രശ്നങ്ങളെ സംബന്ധിച്ച് പൊതുസമൂഹത്തെ ബോധവത്കരിക്കുന്നതിനുവേണ്ടി എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ വിപുലമായ ലഹരിവിരുദ്ധ ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി എഫ്.എം. റേഡിയോ, സി.സി.ടി.വി., ടി.വി., മാസികകൾ തുടങ്ങിയ ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിലൂടെയും, റെയിൽവേ സ്റ്റേഷനിൽ അനൗൺസ്മെന്റിലൂടെയും, കെ. എസ്.ആർ.റ്റി.സി. ബസ്സുകളിൽ ലഹരി |

പതിച്ചും ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. കൂടാതെ പോസ്റ്റർ പ്രദർശനം, തെരുവ് നാടകം, ഡോക്യുമെന്ററി, ബോധവൽക്കരണ ക്ലാസ്, കൂട്ടഓട്ടം, സെമിനാർ, ലഘുലേഖ വിതരണം, മാജിക്ഷോ തുടങ്ങിയ പരിപാടികളും സംഘടിപ്പിച്ച് ഇത്തരം പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തി വരുന്നു. വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുന്നതിനായി സ്കൂളുകളിലും, കോളേജുകളിലും ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. ലഹരി വിരുദ്ധ സന്ദേശം വിദ്യാർത്ഥികളിൽ എത്തിക്കുന്നതിനായി 'അതിജീവനം' എന്ന കൈപ്പുസ്തകം തയ്യാറാക്കി നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ എൻ.എസ്.എസ്., എസ്.പി.സി., കുടുംബശ്രീ, റസിഡന്റ്സ് അസോസിയേഷൻ എന്നിവയുമായി സഹകരിച്ച് ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കി വരുന്നു. സി.യു.ജി. അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന 376 മൊബൈൽ സിം കാർഡിലൂടെ ലഹരി വിരുദ്ധ സന്ദേശം റിംങ് ടോണായി പ്രചരിപ്പിച്ചു വരുന്നു. അട്ടപ്പാടിയിൽ ലഹരി വിരുദ്ധ പ്രവർത്തനം ശക്തമാക്കുന്നതിനായി, ഒരു എക്സൈസ് സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ "ജനമൈത്രി എക്സൈസ്" രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു.

സെക്ഷൻ ആഫീസർ